# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 927      01/03/2017 -ൽ മറുപടിക്ക്

## ഹരിപ്പാട് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ; | (എ) | ഹരിപ്പാട് കുടിവെള്ള പദ്ധതിക്കായി പള്ളിപ്പാട്ടിൽ നിർമ്മിക്കുന്ന 50 ദശലക്ഷം ലിറ്റർ പ്രതിദിന ശുദ്ധീകരണ ശേഷിയുള്ള ശുദ്ധീകരണശാലയുടെ നിർമ്മാണം പുരോഗമിക്കുന്നു. റോ വാട്ടർ പമ്പ് ഹൗസ് നിർമ്മിക്കുന്നതിനു മാന്നാർ പഞ്ചായത്തിൽ നിന്നും അനുമതി കിട്ടാത്തത് കാരണം കിണറിന്റെ റോ വാട്ടർ പമ്പിങ് മെയിനിന്റെ ടെണ്ടർ നടപടി സ്വീകരിക്കുവാൻ കേരള വാട്ടർ അതോറിറ്റിക്ക് കഴിഞ്ഞിട്ടില്ല. |
| (ബി) | ഏത് സ്കീമിൽ ഉൾപ്പെടുത്തിയാണ് ഈ പദ്ധതിയുടെ നിർവ്വഹണ പ്രവർത്തനങ്ങൾ ഇപ്പോൾ നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | NRDWP-യിൽ ഉൾപ്പെടുത്തിയാണ് ഈ പദ്ധതിയുടെ നിർവ്വഹണ പ്രവർത്തനങ്ങൾ ഇപ്പോൾ നടത്തുന്നത്. |
| (സി) | പദ്ധതിക്കായി ഇതുവരെ എന്ത് തുക വിനിയോഗിച്ചുവെന്നും ഫണ്ടിന്റെ അഭാവം ഈ പദ്ധതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; | (സി) | പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് 60 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതത്തിൽ വരുത്തിയ കുറവ് NRDWP പദ്ധതികളുടെ പൂർത്തീകരണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഫേസ്-I-ന് ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കി 3500 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയുള്ള ഫേസ്-II-ന് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി Special Plan Preparation Group അംഗീകരിച്ചിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | കരാറുകാരുടെ ബില്ലുകൾ മാറി നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; | (ഡി) | നിലവിൽ സാങ്കേതിക തടസ്സങ്ങളില്ല. |
| (ഇ) | പ്ലാൻ ഫണ്ട് അഥവാ നബാർഡ് അല്ലെങ്കിൽ കിഫ്ബിയിൽ ഉൾപ്പെ ടുത്തി ഫണ്ട് അനുവദിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കു ന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ചോദ്യം (സി) യുടെ മറുപടിയിൽ ഉൾക്കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ